# ആകാശവാണി കോഴിക്കോട്

## പ്രാദേശിക വാർത്തകൾ

*തിയ്യതി: 27-02-2012* *സമയം: 12.30 Hrs*

## പ്രധാനവാർത്തകൾ

- ✔ പിറവം ഉപതെരഞ്ഞെടുപ്പിന് യു ഡി എഫ്, എൽ ഡി എഫ് സ്ഥാനാർഥികൾ പത്രിക സമർപ്പിച്ചു.
- ✔ മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന കേസിൽ ഇറ്റാലിയൻ കപ്പലിൽ നിന്ന് പിടിച്ചെടുത്ത ആയുധങ്ങൾ കൊല്ലം കോടതിയിൽ ഹാജരാക്കി.
- ✔ ഫ്രഞ്ച് ചിത്രമായ ദ് ആർട്ടിസ്റ്റിന് മികച്ച സിനിമക്കുള്ള ഓസ്കർ പുരസ്കാരം. മെറിൽ സ്ട്രിപ്പ് മികച്ച നടി, ജീൻ ദുജാർഡിൻ മികച്ച നടൻ.
- ✔ കോഴിക്കോട് മോണോ റെയിൽ 2015-ഓടെ കമ്മീഷൻ ചെയ്യുമെന്ന് മന്ത്രി ശ്രീ വി കെ ഇബ്രാഹിംകുഞ്ഞ്.
- ✔ മുല്ലപ്പെരിയാർ ഉന്നതാധികാര സമിതിക്ക് റിപ്പോർട്ട് നൽകാൻ ഏപ്രിൽ 30-വരെ സമയം അനുവദിച്ചു.
- ✔ സംയുകത ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്ത 24 മണിക്കൂർ അഖിലേന്ത്യാ പണിമുടക്ക് അർധരാത്രി മുതൽ.

★★

പിറവം ഉപതെരഞ്ഞെടുപ്പിന് യു ഡി എഫ്, എൽ ഡി എഫ് സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു. യു ഡി എഫ് സ്ഥാനാർത്ഥി ശ്രീ അനൂപ് ജേക്കബ് രാവിലെ പത്തരയോടെയാണ് പത്രിക സമർപ്പിച്ചത്. തുടർന്ന് എൽ ഡി എഫ് സ്ഥാനാർത്ഥി ശ്രീ എം ജെ ജേക്കബും പത്രിക സമർപ്പിച്ചു. ബി ജെ പി സ്ഥാനാർത്ഥി ശ്രീ കെ ആർ രാജഗോപാൽ കഴിഞ്ഞ ദിവസം പത്രിക നൽകിയിരുന്നു. നൂറു കണ

ക്കിന് പ്രവർത്തകരും നേതാക്കളുമായാണ് യു ഡി എഫ്, എൽ ഡി എഫ് സ്ഥാനാർത്ഥികൾ ഇന്ന് പത്രികാ സമർപ്പണത്തിനെത്തിയത്. ഈ മാസം 17-നാണ് ഉപതെരഞ്ഞെടുപ്പ്.

ജ★★ന്ദ

മത്സ്യതൊഴിലാളികളെ വെടിവെച്ചു കൊന്ന കേസിൽ ഇറ്റാലിയൻ കപ്പൽ എൻറിക്ക ലക്സിയിൽ നിന്ന് പിടിച്ചെടുത്ത ആയുധങ്ങൾ കൊല്ലം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. കൊച്ചി വെല്ലിങ്ടൺ ഐലൻഡിലെ ഹാർബർ പോലീസ് സ്റ്റേഷനിൽ സീൽ ചെയ്ത് സൂക്ഷിച്ചിരുന്ന ആയുധങ്ങൾ ഇതിനായി ഇന്ന് രാവിലെയാണ് കൊല്ലത്തേക്ക് കൊണ്ട് പോയത്. കൊല്ലം കോടതിയിൽ ഹാജരാക്കിയ ആയുധങ്ങൾ പിന്നീട് തിരുവനന്തപുരത്തെ ഫോറൻസിക് ലാബിലേക്ക് പരിശോധനകൾക്കായി അയക്കും. അതിനിടെ കൊച്ചി തുറമുഖത്ത് നങ്കൂരമിട്ടിരുന്ന ഇറ്റാലിയൻ കപ്പിൽ എൻറിക്ക ലെക്സി പുറംകടലിലേക്ക് മാറ്റി. തുറമുഖത്ത് പ്രവേശനം കാത്ത് കിടന്ന കപ്പലുകൾ തുറമുഖത്ത് അടുപ്പിക്കുന്നതിനായാണ് ഇറ്റാലിയൻ കപ്പൽ പുറംകടലിലേക്ക് മാറ്റിയത്. കപ്പൽ ഇന്ന് വൈകീട്ട് അഞ്ചുവരെ കൊച്ചിയിൽ തടഞ്ഞിടാനാണ് കോടതി ഉത്തരവ്.

ജ★★ന്ദ

കപ്പലിൽ നിന്ന് വെടിയേറ്റ് മത്സ്യത്തൊഴിലാളികൾ മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഇറ്റാലിയൻ വിദേശകാര്യമന്ത്രി ഗുലിയോ മരിയാ തെർസി നാളെ ന്യൂഡൽഹിയിലെത്തും. വെടിവെപ്പ് സംഭവത്തിനൊപ്പം ഉഭയകക്ഷി താൽപ്പര്യമുള്ള ആഗോള വിഷയങ്ങൾ മന്ത്രി വിദേശകാര്യ മന്ത്രി ശ്രീ എസ് എം കൃഷ്ണയുമായി ചർച്ച നടത്തും. രണ്ട് ദിവസത്തെ ഇന്ത്യ സന്ദർശനത്തിനാണ് ഇറ്റാലിയൻ മന്ത്രി എത്തുന്നത്.

ജ★★ന്ദ

84-ാമത് ഓസ്കാർ പുരസ്കാരം ലോസ് ഏഞ്ചൽസിലെ കൊഡാക്ക് തിയറ്ററിൽ പ്രഖ്യാപിച്ചു. നിശബ്ദ സിനിമയുടെ കാലം ആവിഷ്കരിച്ച ഫ്രഞ്ച് ചിത്രമായ 'ദ് ആർട്ടിസ്റ്റ്' മികച്ച സിനിമ

ക്കുള്ള ഓസ്കർ പുരസ്കാരം സ്വന്തമാക്കി. മികച്ച നടിക്കുള്ള പുരസ്കാരം മൂന്നാം തവണയും മെറിൽ സ്ട്രിപ്പ് സ്വന്തമാക്കി. ദ് അയൺ ലേഡി എന്ന ചിത്രത്തിൽ ബ്രിട്ടന്റെ ഏക വനിതാ പ്രധാനമന്ത്രി ആയിരുന്ന മാർഗരറ്റ് താച്ചറെ അനശ്വരയാക്കിയതിനാണ് പുരസ്കാരം. ജീൻ ദുജാർഡിൻ ആണ് മികച്ച നടൻ. ആർട്ടിസ്റ്റ് എന്ന ചിത്രത്തിലെ നായക കഥാപാത്രത്തെ ആവിഷ്കരിച്ചാണ് ജീൻ പുരസ്കാരം നേടിയത്. ഹോളിവുഡിലെ നിശബ്ദ സിനിമാ നായകൻ ജോർജ് വാലന്റെന്റെ വേഷമായിരുന്നു ചിത്രത്തിൽ ജീനിന്. ഏറ്റവും അധികം നോമിനേഷനുകളുമായി മത്സരത്തിനെത്തിയ ഹ്യൂഗോയും ദ് ആർട്ടിസ്റ്റിനൊപ്പം അഞ്ച് പുരസ്കാരങ്ങൾ നേടി. മികച്ച സംവിധായകനുള്ള ഓസ്കർ മിഷേൽ ഹസാനാവിഷ്യസിന് സമ്മാനിച്ച ദ് ആർട്ടിസ്റ്റ് വസ്ത്രാലങ്കാരത്തിനും, പശ്ചാത്തല സംഗീതത്തിനുമുള്ള പുരസ്കാരങ്ങളും നേടി. 1920-കളുടെ അവസാനം ശബ്ദ സിനിമയുടെ രംഗപ്രവേശം നിശബ്ദ സിനിമയിലെ നായക നടന്റെ ജീവിതത്തിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികളും, അയാളുടെ പ്രണയവുമാണ് ദി ആർട്ടിസ്റ്റിന്റെ പ്രമേയം. കുറഞ്ഞ സംഭാഷണങ്ങൾ മാത്രമുള്ള സിനിമ ഏറെയും ബ്ലാക്ക് ആന്റ് വൈറ്റിലാണ് ചിത്രീകരിച്ചിരിക്കുന്നത്.
മികച്ച സഹനടനുള്ള പുരസ്കാരം ക്രിസ്റ്റഫർ പ്ളമ്മർ സ്വന്തമാക്കി. ഓസ്കർ ചരിത്രത്തിൽ അവാർഡിന് അർഹനാകുന്ന ഏറ്റവും പ്രായം കൂടിയ നടനെന്ന ബഹുമതിയും 82-കാരനായ പ്ളമ്മർ ഇതോടെ സ്വന്തമാക്കി. ദ് ബിഗ്നേഴ്സ് എന്ന ചിത്രത്തിലെ അഭിനയമാണ് പ്ളമ്മർക്ക് മികച്ച സഹനടനുള്ള പുരസ്കാരം നേടി കൊടുത്തത്. ജോർ ബർബിൻസ്കി ഒരുക്കിയ റാങ്കോ മികച്ച ആനിമേഷൻ ഫീച്ചർ ചിത്രത്തിനുള്ള പുരസ്കാരം നേടി. ഇറാനിയൻ ചിത്രമായ 'എ സെപറേഷൻ' ആണ് മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള ഓസ്കർ പുരസ്കാരം. നീണ്ട ഇടവേളക്ക് ശേഷമാണ് ഒരു ഇറാനിയൻ ചിത്രം ഓസ്കർ പുരസ്കാരം സ്വന്തമാക്കുന്നത്.

ഓ★★ഒ

കോഴിക്കോട് മോണോ റെയിൽ 2015-ഓടെ കമ്മീഷൻ ചെയ്യുമെന്ന് മന്ത്രി ശ്രീ വി കെ ഇബ്രാഹിംകുഞ്ഞ് പറഞ്ഞു. ഡൽഹി മെട്രോ

റെയിൽ കോർപറേഷൻ മുൻ ചെയർമാൻ ശ്രീ ഇ ശ്രീധരൻ മോണോ റെയിൽപാതയുടെ നിർമ്മാണ നേതൃത്വമേറ്റെടുക്കാൻ സമ്മതിച്ചതായി മന്ത്രി കോഴിക്കോട്ട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മന്ത്രിയും ശ്രീ ശ്രീധരനുമായി ഇന്ന് രാവിലെ കോഴിക്കോട് ഗസ്റ്റ് ഹൗസിൽ ഇതുസംബന്ധിച്ച് ചർച്ച നടത്തി. മോണോ റെയിൽ നടപ്പാക്കാൻ മുഖ്യമന്ത്രി ചെയർമാനായി കമ്പനി രൂപീകരിക്കും. വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപിച്ചതായി മന്ത്രി പറഞ്ഞു. മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകും. പദ്ധതിയുടെ രൂപരേഖയിൽ വ്യത്യാസം വരുത്തി മോണോ റെയിൽ സിവിൽസ്റ്റേഷൻ വരെ നീട്ടുമെന്നും മന്ത്രി പറഞ്ഞു.

ꕥ★★ꕥ

വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കെ എസ് ഇ ബി-യുടെ പ്രത്യേക യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. കായംകുളം താപനിലയത്തിൽ നിന്ന് കൂടുതൽ വൈദ്യുതി വാങ്ങുന്നതുൾപ്പെടെ പ്രതിസന്ധിക്ക് പരിഹാരം കാണാനാവശ്യമായ തീരുമാനങ്ങൾ യോഗം കൈകൊള്ളുമെന്നറിയുന്നു. അതിനിടെ മൂലമറ്റം പവർഹൗസിലെ ഒന്നാം നമ്പർ ജനറേറ്ററിൽ ഉണ്ടായ തീപിടിത്തത്തെ തുടർന്ന് ഒന്നും രണ്ടും ജനറേറ്ററുകളുടെ പ്രവർത്തനം നിർത്തിവെച്ചിരുന്നു. ജനറേറ്ററുകളുടെ തകരാർ പരിഹരിക്കാൻ ഊർജ്ജിത ശ്രമങ്ങൾ നടക്കുകയാണ്.

ꕥ★★ꕥ

കിളിരൂർ കേസിൽ തുടരന്വേഷണം വേണമെന്ന ആവശ്യം ഹൈക്കോടതി നിരസിച്ചു. തുടരന്വേഷണ ആവശ്യം തള്ളിയ തിരുവനന്തപുരം പ്രത്യേക സി ബി ഐ കോടതിയുടെ വിധി ഹൈക്കോടതി ശരിവെക്കുകയായിരുന്നു. പീഡനത്തിനിരയായി കൊല്ലപ്പെട്ട ശാരിയുടെ മാതാപിതാക്കളാണ് തുടരന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ഹർജി നൽകിയത്.

ꕥ★★ꕥ

പുറത്തൂർ പടിഞ്ഞാറേക്കര അഴിമുഖത്ത് സഞ്ചാരികൾക്ക് അസ്തമയക്കാഴ്ച ആസ്വദിക്കാനായി മുനമ്പ് നിർമ്മിക്കുമെന്ന് മന്ത്രി ശ്രീ എ പി അനിൽകുമാർ പറഞ്ഞു. പടിഞ്ഞാറേക്കര അഴിമുഖം ടൂറിസം വികസന സാധ്യതകൾ വിലയിരുത്താൻ പ്രദേശം സന്ദർശിച്ച മന്ത്രി മാധ്യമ പ്രവർത്തകരെ അറിയിച്ചതാണിത്. അഴിമുഖത്തെ പുലിമുട്ട് ബേപ്പൂർ മാതൃകയിൽ ദീപാലംകൃതമാക്കുമെന്നും മന്ത്രി പറഞ്ഞു.

ഓ★★ഓ

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഉന്നതാധികാര സമിതിക്ക് റിപ്പോർട്ട് നൽകാൻ ഏപ്രിൽ 30-വരെ സുപ്രീംകോടതി സമയം അനുവദിച്ചു. മറ്റന്നാൾ സമിതിയുടെ കാലാവധി കഴിയാനിരിക്കെയാണ് സുപ്രീംകോടതിയുടെ നടപടി. അണക്കെട്ടിലെ സുർകി മിശ്രിതത്തിന്റെ അളവ് കണ്ടെത്തുന്നതിന് പരിശോധന പൂർത്തിയായിട്ടില്ലെന്നും ഇതു പൂർത്തിയാകാതെ അന്തിമ റിപ്പോർട്ട് നൽകരുതെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ കാലാവധി നീട്ടിനൽകണമെന്ന് സമിതി സുപ്രീംകോടതിയോട് ആവശ്യപ്പെടുകയായിരുന്നു. ശ്രീ ജസ്റ്റിസ് ഡി കെ ജെയിൻ അധ്യക്ഷനായ പ്രത്യേക ബെഞ്ചാണ് ഇന്ന് കേസ് പരിഗണിച്ചത്. സമിതിയുമായി സഹകരിക്കാൻ കേരളത്തോടും തമിഴ്നാടിനോടും സുപ്രീംകോടതി ആവശ്യപ്പെട്ടു.

ഓ★★ഓ

സംയുക്ത ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ 24 മണിക്കൂർ അഖിലേന്ത്യാ പണിമുടക്ക് ഇന്ന് അർദ്ധരാത്രി ആരംഭിക്കും. വിലക്കയറ്റം തടയുക, തൊഴിൽ നിയമം കർശനമായി നടപ്പാക്കുക തുടങ്ങിയവയടക്കം 10 ആവശ്യങ്ങൾ ഉന്നയിച്ചാണ് പണിമുടക്ക്. ഐ എൻ ടി യു സി, സി ഐ ടി യു, എ ഐ ടി യു സി, ബി എം എസ്, എച്ച് എം എസ്, എസ് ടി യു തുടങ്ങിയ സംഘടനകളാണ് പണിമുടക്കിന് ആഹ്വാനം നൽകിയിട്ടുള്ളത്. കേന്ദ്ര പൊതുമേഖലാ ബാങ്കുകളിലെ ഏഴ് പ്രധാന യൂണിയനുകളും നാളെ പണിമുടക്ക് പ്രഖ്യാപിച്ചിട്ടുണ്ട്.

ഓ★★ഓ

കോഴിക്കോട്ട് ഇന്ന് പുലർച്ചെ അന്തരിച്ച കേരളത്തിലെ ആദ്യ കാല പുരാവസ്തു ഗവേഷകരിൽ പ്രമുഖനും, ചരിത്രകാരനുമായ ഡോ. ജോൺ ഒച്ചന്തുരുത്തിന്റെ സംസ്കാരം നാളെ വൈകീട്ട്. വെസ്റ്റ്ഹിൽ സെന്റ് മൈക്കിൾസ് ദേവാലയത്തിലെ ശുശ്രൂഷകൾക്ക് ശേഷം വെസ്റ്റ്ഹിൽ കത്തോലിക്കാ സെമിത്തേരിയിലായിരിക്കും സംസ്കാര ചടങ്ങ്. കാലിക്കറ്റ് സർവ്വകലാശാലയിൽ ചരിത്രവി ഭാഗം അധ്യാപകനായിരുന്ന ജോൺ ഓച്ചന്തുരുത്ത് കുറച്ചു കാലം ചരിത്രവിഭാഗം മേധാവിയായും പ്രവർത്തിച്ചിട്ടുണ്ട്. ആനുകാ ലികങ്ങളിൽ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുള്ള അദ്ദേഹം കേര ളത്തിലെ കൃസ്ത്യൻ പൈതൃകം എന്ന പുസ്തകം എഡിറ്റ് ചെയ്തി ട്ടുണ്ട്.

ജ★★ഢ

ഏഴിമല നാവിക അക്കാദമി കമാൻഡന്റ് ആയി വൈസ് അഡ്മി റൽ പ്രദീപ് ചൗഹാൻ ചുമതലയേറ്റു. രാവിലെ നടന്ന സെറിമോണി യൽ പരേഡിനു ശേഷമാണ് അദ്ദേഹം ചുമതലയേറ്റെടുത്തത്. പൂർണ്ണ മായും അർപ്പണ ബോധത്തോടെയുള്ള സേവനം കാഴ്ചവെക്കുവാൻ സേനാംഗങ്ങളെയും ഉദ്യോഗസ്ഥരെയും അദ്ദേഹം ആഹ്വാനം ചെയ്തു.

ജ★★ഢ

പാലക്കാട് ജില്ലയിൽ ചൂട് വർദ്ധിച്ചതോടെ തീ പിടുത്തവും വ്യാപ കമായി. ഇന്നലെ ജില്ലയിൽ ചെറുതും വലുതുമായ അമ്പതിലേറെ തീ പിടുത്തങ്ങൾ റിപ്പോർട്ട് ചെയതു. ഇതിലധികവും വന മേഖല യിലാണ്. കഴിഞ്ഞ ഒരാഴ്ചക്കിടെ അഞ്ഞൂറേക്കറിൽപരം വന മേഖല കത്തി നശിച്ചതായാണ് അനൗദ്യോഗിക റിപ്പോർട്ട്.

ജ★★ഢ

മുസ്ലീംലീഗ് സംസ്ഥാന പ്രവർത്തക സമിതി യോഗം ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് കോഴിക്കോട്ട് ചേരും. പിറവം ഉപതെരഞ്ഞെടുപ്പ്, തിരു കേശ വിവാദം, സംഘടനാ കാര്യങ്ങൾ തുടങ്ങിയവ ചർച്ചക്ക് വരു മെന്ന് പ്രതീക്ഷിക്കുന്നു.

ജ★★ഢ

അലിഗഡ് സർവ്വകലാശാലയുടെ പെരിന്തൽമണ്ണ ചേലാമലയിലെ മലപ്പുറം കേന്ദ്രത്തിലേക്ക് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ഗവൺമെന്റ് മൂന്ന് കോടി രൂപ അനുവദിച്ചു. സംസ്ഥാന കോളിജി യറ്റ് എജ്യുക്കേഷൻ ഡയറക്ടർ ആണ് ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്.

ജ★★ഝ

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ 'സി' നിലവ റയിലെ സ്വത്തുകളുടെ പരിശോധന രാവിലെ തുടങ്ങി. ക്ഷേത്രത്തിലെ ദൈനംദിന ആവശ്യങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾക്കുപയോഗി ക്കുന്ന വസ്തുക്കളാണ് 'സി' നിലവറയിൽ സൂക്ഷിച്ചിരിക്കുന്നത്.

ജ★★ഝ

കേരള ലളിതകലാ അക്കാദിയുടെ നേതൃത്വത്തിൽ പാലക്കാട്ടെ കോട്ട മൈതാനിക്ക് സമീപം നിർമ്മിക്കുന്ന കരിങ്കൽ ശിൽപോദ്യാന ത്തിന്റെ ഭാഗമായി ശിൽപ നിർമ്മാണ ക്യാമ്പ് ആരംഭിച്ചു. അടുത്ത മാസം 11 വരെ നീണ്ടു നിൽക്കുന്ന ശിൽപ നിർമ്മാണ ക്യാമ്പിൽ രാജ്യാന്തര പ്രശസ്തരായ ഏഴ് ശിൽപികൾ പങ്കെടുക്കും. ഇവർ നിർമ്മിക്കുന്ന പത്തോളം ശിൽപങ്ങൾ ശിൽപോദ്യാനത്തിൽ ക്രമീ കരിക്കും. അടുത്ത മാസം അവസാനത്തോടെ ശിൽപോദ്യാനം പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കും.

ജ★★ഝ

കണ്ണൂർ ജില്ലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര മന്ത്രിമാരെ കണ്ട് വിശദമായ പ്രൊജക്ട് റിപ്പോർട്ട് സമർപ്പിച്ചതായി ശ്രീ. കെ സുധാകരൻ എം പി വാർത്താ സമ്മേളനത്തിൽ അറിയി ച്ചു. ദേശീയ യുവജന വികസന ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ദിരാഗാന്ധി വനിതാ ടെക്നോളജി പാർക്ക് തുടങ്ങിയവയടക്കം പദ്ധതികൾക്കാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് അദ്ദേഹം അറിയിച്ചു.

ജ★★ഝ

കാസർകോഡ് ചിറ്റാരിക്കൽ മാലോത്ത് കള്ളത്തോക്ക് പിടികൂ

ടി. സുകുമാരൻ എന്നയാളുടെ വീട്ടിൽ നിന്നാണ് തോക്ക് പിടികൂടിയത്. പ്രതി രക്ഷപ്പെട്ടതായി പൊലീസ് അറിയിച്ചു.

ജ★★ഋ